# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

### ആഡംബര വീട്ടുകൾക്ക് നികുതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 5550      27.03.18- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആഡംബര വീട്ടുകൾക്ക് നികുതി ചുമത്തുന്നതിൽ കൃത്രിമം നടക്കുന്നതായും ഇതുകാരണം പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട നികുതിയിൽ വലിയ നഷ്ടം സംഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | രണ്ടായിരം സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള ആഡംബര വീട്ടുകൾക്ക് നിലവിലുള്ള നികുതിയുടെ അമ്പത് ശതമാനമെങ്കിലും ആഡംബര നികുതി കൂടി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി)<br>&<br>(സി) | റവന്യൂ വകുപ്പ് മുഖേന നിർണ്ണയിക്കപ്പെട്ട നിരക്കിലാണ് നിലവിൽ ആഡംബര നികുതി ചുമത്തി വരുന്നത്. |
| (സി) | വമ്പൻ വീട്ടുകളും ആഡംബര വീട്ടുകളും നിരുത്സാഹപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | |
| (ഡി) | രണ്ടായിരം സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള വീട്ടുകളുടെ പെർമിറ്റ് ഫീസ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | ആഡംബര വീട്ടുകൾക്ക് നികുതി നിശ്ചയിക്കുന്നതിൽ വേണ്ടത്ര ജാഗ്രതയും സൂക്ഷ്മതയും പാലിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ? | (ഇ) | എല്ലാ വീട്ടുകൾക്കും നിലവിൽ നികുതി ഈടാക്കുന്നത് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യത്തിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ